**കേരള സർക്കാർ**

സംഗ്രഹം

വഖഫ് വസ്തുക്കളുടെ സർവ്വെ നടത്തുന്നതുമായി ബന്ധപ്പെട്ട് സർവ്വെ കമ്മീഷണറുടെയും (വഖഫ് സെക്രട്ടറി) അഡീഷണൽ സർവ്വെ കമ്മീഷണർമാരുടെയും (ജില്ലാ കളക്ടർമാർ) പേരിൽ അതാത് ട്രഷറികളിൽ ഓരോ സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **2010/2018/ധന.** തിരുവനന്തപുരം, തീയതി **14.03.2018**

പരാമർശം - ഭരണവകുപ്പ ഫയൽ നം. REV-F2/60/2018-REV

**<u>ഉത്തരവ്</u>**

വഖഫ് വസ്തുക്കളുടെ സർവ്വെ നടത്തുന്ന ഇനത്തിൽ നടപ്പ സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന പ്രകാരം 15 ലക്ഷം രൂപ 2250-00-103-79 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ടെന്നും ഈ തുക റിലീസ് ചെയ്ത് നൽകുന്നതിനായി സർവ്വെ കമ്മീഷണറുടെയും (വഖഫ് സെക്രട്ടറി) അഡീഷണൽ സർവ്വെ കമ്മീഷണർമാരുടെയും (ജില്ലാ കളക്ടർമാർ) പേരിൽ റ്റി.എസ്.ബി അക്കൗണ്ട് ആരംഭിക്കുവാൻ അനുമതി നൽകണമെന്നും ഭരണവകുപ്പ് പരാമർശത്തിലെ ഫയലിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, വഖഫ് വസ്തുക്കളുടെ സർവ്വെ നടത്തുന്നതുമായി ബന്ധപ്പെട്ട് സർവ്വെ കമ്മീഷണറുടെയും (വഖഫ് സെക്രട്ടറി) അഡീഷണൽ സർവ്വെ കമ്മീഷണർമാരുടെയും (ജില്ലാ കളക്ടർമാർ) പേരിൽ അതാത് ട്രഷറികളിൽ ഓരോ സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള,
തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
റവന്യൂ (F) വകുപ്പ് ( e file No: REV-F2/60/2018-REV പ്രകാരം)
ധനകാര്യ (EXP-B) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ